## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 192 | 03.02.2020-ൽ മറുപടിക്ക് |
|---|---|

**പിടിച്ചെടുത്ത വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിവിധയിടങ്ങളിൽ പോലീസും എക്സൈസും ഫോറസ്റ്റും പിടിച്ചിട്ടതും നശിച്ചുകൊണ്ടിരിക്കുന്നതുമായ വാഹനങ്ങൾ ലേലം ചെയ്ത് കൊടുക്കുന്നതിന് എന്തെങ്കിലും നിയമ തടസമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങളിൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾക്കെതിരെ ബന്ധപ്പെട്ട ബഹു. കോടതികളുടെ നിർദ്ദേശാനുസരണം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. അവകാശികളില്ലാതെയും, ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങൾ നടപടികൾ പൂർത്തീകരിച്ച് ലേലം ചെയ്ത് വരുന്നു. ഗുരുതര സ്വഭാവമുള്ള കേസുകളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനായി ഉപയോഗിച്ച വാഹനങ്ങൾ ബഹു. കോടതികളുടെ വിചാരണ വേളകളിൽ ഹാജരാക്കേണ്ടതുള്ളതുകൊണ്ടും മറ്റും കോടതി നടപടികൾ പൂർത്തീകരിച്ച ശേഷമേ അത്തരം കേസുകളിൽ തീരുമാനമാകുകയുള്ളു. താരതമ്യേന ഗുരുതരസ്വഭാവമല്ലാത്ത കേസുകളിൽ (River Bank Protection Act, MMDR Act) Executive Magistrate-മാർ വഴി വാഹനങ്ങൾ ത്വരിതമായി തീർപ്പു കൽപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആർക്കും ഉപകാരപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്ന കോടികൾ വിലമതിക്കുന്ന ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിൽപന നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | പിടിച്ചെടുത്ത വാഹനങ്ങൾ ത്വരിത ഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 11.09.2018 ലെ സ.ഉ(പി)നം.60/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ